LIBRARY ARCHIVES Kerala Legislative Assembly

കരിവെള്ളൂർ ഗവൺമെന്റ് ആശുപത്രി സി. എച്ച്. സി. ആയി ഉയർത്തുന്നതിനും തൃക്കരിപ്പൂർ സി. എച്ച്. സി.-യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിനും നടപടി

133 [3526] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ കരിവെള്ളൂർ ഗവൺമെന്റ് ആശുപത്രി സി. എച്ച്. സി. ആയി ഉയർത്തുന്നതും തൃക്കരിപ്പൂർ സി. എച്ച്. സി.-യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതും സംബന്ധിച്ച ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ കരിവെള്ളൂർ പി. എച്ച്. സി. സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകാരണം ഈ നിർദ്ദേശം അംഗീകരിക്കുവാൻ കഴിയാതെ വരികയാണുണ്ടായത്. ടി ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിന്റെ നിയമനം സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗൈനക്കോളജിസ്റ്റിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതുമാണ്.

കാസർഗോഡ് ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന ആവശ്യം

134 [3527] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ ആശുപത്രിയിൽ, ജില്ലാ ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇവിടെ പുതിയ തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലാ ആശുപത്രിക്ക് താഴെ പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

1.	സിവിൽ സർജൻ	..	1
2.	എൽ. ഡി. ക്ലാർക്ക്	..	4
3.	യു. ഡി. ക്ലാർക്ക്	..	2
4.	ജെ. എച്ച്. ഇൻസ്പെക്ടർ	..	1
5.	പ്യൂൺ	..	1
6.	നേഴ്സിംഗ് അസിസ്റ്റന്റ്	..	23
7.	എച്ച്. എ. ഗ്രേഡ്-2	..	22
8.	എച്ച്. എ. ഗ്രേഡ്-1	..	8
9.	ജെ. പി. എച്ച്. എൻ.	..	1
10.	സ്റ്റാഫ് നേഴ്സ് ഗ്രേഡ്-2	..	38
11.	ഫാർമസിസ്റ്റ് ഗ്രേഡ്-2	..	3
12.	ഹെഡ് നേഴ്സ്	..	13
13.	കുക്ക് ഗ്രേഡ്-2	..	1
14.	റേഡിയോഗ്രാഫർ ഗ്രേഡ്-2	..	1
15.	എക്സറേ അറ്റന്റർ	..	1
16.	ടൈപ്പിസ്റ്റ്	..	1
17.	ഡെന്റൽ അസിസ്റ്റന്റ് സർജൻ	..	1
18.	ജൂനിയർ സൂപ്രണ്ട്	..	1
19.	ക്ലാർക്ക്-ടൈപ്പിസ്റ്റ്	..	1
20.	സ്റ്റോർ സൂപ്രണ്ട്	..	1
21.	ഡയറ്റിഷ്യൻ ഗ്രേഡ്-2	..	1
22.	നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2	..	2
23.	ജൂനിയർ ലാബ് അസിസ്റ്റന്റ്	..	1
24.	ജൂനിയർ സയന്റിഫിക് ഓഫീസർ	..	1
25.	സൈക്യാട്രിക് സോഷ്യൽ വർക്കർ	..	1
26.	ക്ലിനിക്കൽ ഹൈനക്കോളജിസ്റ്റ്	..	1
27.	ഫിസോയോതെറാപ്പിസ്റ്റ്	..	1
28.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	1
29.	ഓർത്തോപിഡിസ്റ്റ്	..	1

LIBRARY ARCHIVES Kerala Legislative Assembly

30.	റിഫ്രാക്ഷനിസ്റ്റ്	..	2
31.	ഡെന്റൽ മെക്കാനിക്	..	1
32.	പ്ലംബർ	..	1
33.	ഹൗസ് കീപ്പർ	..	1
34.	പ്രൊജക്ഷനിസ്റ്റ്	..	1
35.	ഫോർമാൻ	..	1
36.	ഹെൽപ്പർ	..	1
37.	ഡോബി	..	2
38.	ഇലക്ടീഷ്യൻ	..	1
39.	കോബ്ലർ	..	2
40.	നേഴിസിംഗ് ഓഫീസർ	..	1
41.	പാർട്ട് ടൈം സ്വീപ്പർ	..	1
	ആകെ	..	150

കാസർഗോഡ് ജില്ല പി. എച്ച്. സി.-കൾ സി. എച്ച്. സി.-കളാക്കി ഉയർത്തുന്ന നടപടി

135 [3528] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഏതെല്ലാം പി. എച്ച്. സി.-കളാണ് സി. എച്ച്. സി.-കളാക്കി ഉയർത്തുവാൻ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) കാസർഗോഡ് ജില്ലയിലെ പെരിയ പി. എച്ച്. സി. ഉൾപ്പെടെ 18 പി. എച്ച്. സി.-കൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിക്കുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ മോശമായ സാമ്പത്തിക സ്ഥിതി കാരണം ഒരു പി. എച്ച്. സി. (കൊടുവള്ളി പി. എച്ച്. സി.) മാത്രമാണ് സി. എച്ച്. സി. ആയി അപ്ഗ്രേഡ് ചെയ്യാൻ കഴിഞ്ഞത്.

2/54/2013—24.

LIBRARY ARCHIVES Kerala Legislative Assembly